

Looking forward to you

# Young_Tech_Starts....

Idea

Creativity

You can go through this to visit us if you like.

GHSS KUNISSERY

LK/2019/21020

# ആമുഖം

കാലംമാറി കഥമാറി,കൈയ്യെഴുത്തുമാഗസിനിൽ നിന്നും ഡിജിറ്റൽ മാഗസിനിലേക്ക് ആധുനികകാലം എത്തി-ച്ചേർന്നു.വിദ്യാഭ്യാസത്തിൽ നൂതനമായ ബോധനരീതിക-ളും സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുന്നു.ലോ-കം ഇന്ന് ഒരുകുടക്കീഴിലായിമാറിക്കഴിഞ്ഞു.വിദ്യാർത്ഥിക-ളുടെ സർഗ്ഗാത്മകമായകഴിവുകളെ വളരെവേഗത്തിൽ ആസ്വാദക സമക്ഷം എത്തിക്കുവാൻ ഇന്ന് നവമാധ്യമ-ങ്ങളിലൂടെ സാധ്യമാകുന്നു.ലിറ്റിൽകൈറ്റ്സ് കുട്ടിക്കൂട്ടത്തി-ലൂടെ ഇന്ന് കേരളത്തിലുടനീളം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂട്ടായ്മയുണ്ടാകുന്നു.ഇതിലൂടെ സാ-ങ്കേതികവിദ്യകളുടെയും സൃഷ്ട്ടിവൈഭവങ്ങളുടെയും വി-വിധരീതികൾ മുഴുവൻ വിദ്യാലയങ്ങളിലും എത്തിക്കുവാൻ സാധിക്കുന്നു.വലിയ അവകാശവാദങ്ങളൊന്നുമില്ലെങ്കിലും ലിറ്റിൽകൈറ്റ്സിന്റെ കൂട്ടായ്മ ഇത് നിങ്ങൾക്കായി സമർ-പ്പിക്കുന്നു.

*ലിറ്റിൽകൈറ്റ്സ് കുട്ടിക്കൂട്ടം*
*ജി.എച്ച്.എസ്.എസ്.കുനിശ്ശേരി.......*
***EDITOR:ABHINAY.PS***
***10.A***

# സന്ദേശം

പ്രിയ വിദ്യാർത്ഥികളെ നിങ്ങളുടെ ഡിജിറ്റൽ മാഗസിൻ ഉദ്യമത്തിന് ആദ്യമേതന്നെ നന്ദിരേഖപ്പെടുത്തുന്നു.ഡിജിറ്റൽ സാങ്കേതികവിദ്യാമനസ്സിലാക്കുന്നതിനും കലാസാഹിത്യരചനകൾ വളരെവേഗത്തിൽ ആസ്വാദകസമക്ഷം എത്തിക്കുന്നതിനും ഇത്തരത്തിലുള്ളസാങ്കേതികവിദ്യയിലൂടെസാധ്യമാകുന്നു.തുടർന്നും ഇത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ നമ്മുടെ സ്കൂൾ ഉയരങ്ങളിലെത്തുമെന്നു പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

***ശ്രീ ഹരിനാരായണൻ (H.M)***

***LITTLE KITES MASTER AND MISTRESS..***
***SCHOOL LEADER-SANOJ***

# ***INDEX***


1. ഉപന്യാസം 6
2. കവിത 10
3. കഥ 11
4. HOW MANY TRIANGLES 12
5. കഥ 13
6. ഓർമ്മക്കുറിപ്പ് 14
7. വരകൾ 15
8. POEM 16
9. കേരളത്തിലെ ചില കലാരൂപ-ങ്ങൾ 17

മോഹിനിയാട്ടം 18

ഓട്ടൻതുള്ളൽ 19

കൂടിയാട്ടം 20

കൂത്ത് 21

ഒപ്പന 22

10. ഞങ്ങൾക്കുമുണ്ടൊരു കഥപറയാൻ 23

11. DIGITAL POOKKALAM 24

12. ONAM CELEBRATION 25

13. FOOD FESTIVAL 26

14. SMART AMMA 27

15. SPORTS 28

16. KALOLSAVAM 29

17. LITTLE KITES STUDENTS 30

# ഉപന്യാസം

**വിഷയം:** ഇലക്ട്രോണിക് മീഡിയ ഉപയോഗവും,ദുരുപയോഗവും

ആധുനിക സമൂഹത്തിൽ ഏറ്റവും അധികം പ്രശസ്തിയാര്ജിച്ച നിൽക്കുന്ന ഒന്നുതന്നെയാണ് ഇലട്രോണിക് മീഡിയയും അവയുടെ ഉപയോഗങ്ങളും. നമ്മൾ ഓരോരുത്തരിലൂടെയും അനുദിനം വൈവിധ്യമാർന്ന രൂപങ്ങളിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ ഉറ്റ തോഴൻ എന്നെല്ലാം വിശേഷിപ്പിക്കാവുന്ന ഒന്നായി മാറിയിരിക്കുകയാണ് ഇലട്രോണിക് മീഡിയ.നമ്മുടെ ലോകം ആധുനിക കണ്ടുപിടിത്തങ്ങളിലേക്ക് ചുവടുകൾ വെച്ചുമുന്നേറിയതിന്റെ പ്രതീകങ്ങളിലൊന്നുതന്നെയാണ് ഇലട്രോണിക് മീഡിയ എന്നു പറയുന്നത്."പുഴുവിൽ നിന്ന് പൂമ്പാറ്റ ഉണ്ടായി അത് വാനിൽ പറന്നുയരും പോലെ".ഒരായിരം ശാസ്ത്രജ്ഞന്മാരുടെ പ്രയത്നങ്ങളിലൂടെയും,കണ്ടുപിടിത്തങ്ങളിലൂടെയും നമ്മുടെ ഇന്നത്തെ സമൂഹം അതിവിശാലമായ ഒരുയുഗത്തിൽ സന്തുഷ്ടരായി ജീവിക്കുന്നു.പച്ചപരവതാനി നീണ്ടുകിടക്കുന്നത് പോലെ നമുക്ക് മുമ്പിൽ സാധ്യതകളുടെ ലോകമാണ് ഇന്ന് നീണ്ടു കിടക്കുന്നത്.

ഇന്നുനമ്മുടെ നിത്യ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുകയാണ് ഇലക്ട്രോണിക്മീഡിയ.നമ്മുടെ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒന്നുതന്നെയാണിതിന്റെ ഉപയോഗങ്ങൾ.മൊ-

ബൈൽ,ടെലിവിഷൻ,കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക്മീഡിയ ഇന്നും നാം ഓരോരുത്തരെയും ആവേശഭരിതരാക്കുകയാണ്.വിദ്യാഭ്യാസസൗ-കര്യങ്ങൾക്ക് നാം ആദ്യംആശ്രയയിക്കുന്നത് പുസ്തകങ്ങളോടൊപ്പത-ന്നെ ഇലക്ട്രോണിക്മാധ്യമങ്ങളായ കംപ്യൂട്ടറും,അതിലുപരി മൊബൈ-ലുമാണ് വിവരവിനിമയസാങ്കേതികവിദ്യ എന്നവിഷയവും ഇന്ന് വി-ദ്യാർത്ഥികൾക്ക് പഠിക്കാനുണ്ട്.ഇന്ന് ഈ മേഖലയിലൂടെ പുകൾപെറ്റ ഒട്ടനവധി വ്യക്തികൾ നമുക്കുമുന്നിലുണ്ട്.കൂടാതെ ഒരു വ്യക്തിയുടെ നയ-പുണ്യവികാസത്തിന് ഏറ്റവും അതികം സഹായിക്കുന്നത് ഈ മാധ്യമം-തന്നെ എന്നുപറയാം.ഓരോപൗരന്മാരും സമൂഹത്തിന്റെയും,ഭാവി തലമു-റയുടെയും വാഗ്ദാനങ്ങളാണ് അവരുടെ വിദ്യാഭ്യാസത്തിനും,ജീവിതഗു-ണനിലവാരംമെച്ചപ്പെടുത്തുന്നതിനും ഇന്ന് ഇലക്ട്രോണിക് മീഡിയ,വി-വരവിനിമയസാങ്കേതികവിദ്യ ഫലപ്രദമായുള്ള സഹായങ്ങൾ ചെയ്തുവ-രുന്നു.കൂടാതെ പണ്ടുകാലത്ത് ആശയവിനിമയം കൈകാര്യം ചെതിരു-ന്നത് കത്തുകളിലൂടെയും,എഴുത്തുകളിലൂടെയും,പത്രമാധ്യമങ്ങളിലൂടെയു-മൊക്കെയാണ്.വിദേശത്ത്,അല്ലെങ്കിൽ ദൂരെ സ്ഥലത്തുതാമസിക്കുന്ന തന്റെകുടുംബാംഗങ്ങളോട് നേരിട്ട് സംസാരിക്കാനും,കാണാ-നും,ഓണം,വിഷു,തുടങ്ങിയ ആഘോഷങ്ങൾക്ക് നാട്ടിലേക്ക് വരുമ്പോൾ കാണാം.വളെരെ പതുക്കെ മാത്രം.സാവദാനത്തിലുള്ള ആശയവിനിമയ-ത്തിലൂടെ മാത്രം സഞ്ചരിച്ചുകൊണ്ടിരുന്ന നാം ഇന്ന് ഒട്ടനവധി മഹാ-ത്മാക്കളുടെ പ്രയത്നഫലംമൂലം ഒരുപാട്സുഖസൗകര്യങ്ങൾക്കുനടുവിൽ ഉല്ലസിക്കുന്ന ഒരുകൂട്ടം ജനങ്ങളായി മാറിയിരിക്കുന്നു.എണ്ണിയാലൊതു-ങ്ങാത്ത നവമാധ്യമങ്ങളാണ് നമുക്കുചുറ്റും.വിചാരിക്കുമ്പോഴേക്കും മൊ-ബൈലിലൂടെ വിളിച്ച് ആശയങ്ങൾ പങ്കുവെയ്ക്കാനും,കണ്ടുകൊണ്ട് ആശ-യങ്ങൾ പങ്കുവയ്ക്കുവാനും സാധിക്കുന്നു.ഇതിലൂടെ നമുക്ക് വ്യക്തമാണ്.എ-

ത്രമാത്രം ഉയരങ്ങളിലേക്കാണ് നമ്മുടെ ഇലക്ട്രോണിക്മീഡിയയുടെ-യും,കണ്ടുപിടിത്തങ്ങളുടെയും,ഉപയോഗങ്ങളുടെയും കുതിച്ചുചാട്ടം.

”ഒരു നാണയത്തിന്റെ ഇരുവശങ്ങൾ എന്നതുപോലെ”ഇലക്ട്രോണിക്മീഡിയയ്ക്ക് ഒരുപാട് ഗുണങ്ങളും ഉപയോഗങ്ങളും ഉണ്ട്.സർ ഐസക് ന്യൂട്ടൻ പറഞ്ഞതുപോലെ ’ഏതൊരുപ്രവർത്തനത്തിനും തുല്യവും,വിപരീതവുമായൊരു പ്രതിപ്രവർത്തനം ഉണ്ടായിരിക്കും’.അതുപോലെ നല്ലഉപയോഗങ്ങളോടൊപ്പംത്തന്നെ ഈ മാധ്യമത്തിന് ചില ദുരുപയോഗവും ഉണ്ട്.സ്വന്തം ആത്മഹത്യയും,കൊലപാതകവും തുടങ്ങിയ ഒരുപാട് കള്ളത്തരങ്ങളും,ചതികളും,വഞ്ചനയുടെയും ലോകവും അതിൽ പണിതുയർത്തിയിട്ടുണ്ട്.നല്ലതും,ചീത്തയും വേര്തിരിച്ചെടുക്കേണ്ടത് നമ്മൾതന്നെയാണ്.ജനിക്കുമ്പോൾത്തന്നെ ഒരാൾ കള്ളനോ,കൊലപാതകയോ ആയിട്ടല്ല ജനിക്കുന്നത്.പകരം അവരുടെ കുടുമ്പവും,സമൂഹവും,വിദ്യാലയവും,സാഹചര്യങ്ങളുമാണ് ഒരു വ്യക്തിയുടെ ജീവിതത്തെ നിർണയിക്കുന്നത് അശ്ലീയ ചിത്രങ്ങൾ,വീഡിയോകൾ തുടങ്ങി ഒരുപാട് ചീത്തകാര്യങ്ങളും നവമാധ്യമങ്ങളിലടങ്ങിയിട്ടുണ്ട്.നല്ലതുകാണുകയും,കേള്ക്കുകയുംചെയ്യുമ്പോൾ നാം നല്ലതുമാത്രമേ പറയുകയും,പ്രവർത്തിക്കുകയുള്ളൂ.ചീത്തയായതും,വേണ്ടാത്തതുമായ കാര്യങ്ങൾ കാണുകയും,കേൾക്കുകയും ചെയ്യുമ്പോൾ നമ്മുടെ-പ്രവൃത്തികളും സ്വാഭാവികമായി നല്ലതായിരിക്കുകയില്ല.നന്മയുള്ളവർക്കും,നല്ലതുപ്രവർത്തിക്കുന്നവർക്കും മാത്രമേ എല്ലാവരുടെയും,മനസ്സിലും,സമൂഹത്തിലും സ്ഥാനമുള്ളൂ.”ചുട്ടയിലിശീലം ചുടലവരെ”എന്നതുപോലെ നാം ചെറുപ്രായം മുതൽ നല്ലകുഞ്ഞുങ്ങളായി വളർന്നാൽ നാളെ നമ്മളെ കാത്തിരിക്കുന്നത് സന്തുഷ്ടമായ ജീവിതമാണ്.നാം നമ്മുടെ രാജ്യത്തെ സേവിക്കുന്ന നല്ലപൗരന്മാരായി വളരേണ്ടസ്ഥാനത്ത് ഇലക്ട്രോണിക്മീഡിയയുടെ ദുരുപയോഗം മൂലം തീവ്രവാദികളെയും,ദുശീലങ്ങൾക്ക് അടിമപ്പെട്ടും,കള്ളവും,ചതിയും,നുണയും മാത്രം കൈവശപ്പെടുത്തി വീടിനും,നാടിനും ഗുണമില്ലാത്ത എല്ലാവര്ക്കും

ശല്യമായി,അവഗണിക്കപ്പെടുന്ന ഒരു ജന്മ മായിത്തീരാതെ ദൈവം നമുക്ക് നൽകിയ സമ്മാനമാണ് ഇലക്ട്രോണിക്മീഡിയയുടെ നല്ലഉപയോഗങ്ങൾ.ഇലക്ട്രോണിക്മീഡിയ നിരന്തരം ഉപയോഗിക്കുന്നതിലൂടെ ഭൂലോക മടിയന്മാരായിത്തീരുകയാണ് നമ്മൾ ഓരോരുത്തരും.സ്വന്തം കുടുംബാംഗങ്ങളോട് കുറച്ചുസമയംപോലും ചിലവഴിക്കാതെ ഇലക്ട്രോണിക്മീഡിയയ്ക്ക് അടിമപ്പെട്ടുപോകുന്ന ഒരു വ്യക്തിത്വമായിത്തീർന്നിരിക്കുകയാണ് നമ്മുടേത്.കുറച്ചുസമയം വ്യായാമംപോലും ചെയ്യാതെ പൊണ്ണത്തടിയുമേറി ആരോഗ്യമില്ലാതെ ആയുസ്സുനഷ്ടപ്പെട്ടുപോകുന്നു."അധികമായാൽ അമൃതവും വിഷമായേക്കും"എന്നതുപോലെ ഇലക്ട്രോണിക്മീഡിയ നമ്മുടെ അറിവും കഴിവും വികസിപ്പിക്കാൻമാത്രം ഉപയോഗിക്കുക മറിച്ച് നമ്മുടെ നല്ലഭാവി തകർന്നു പോകാനായി ആരുംതന്നെ ചീത്തവഴിയിലൂടെ സഞ്ചരിക്കാതിരിക്കുക.നമ്മുടെ നല്ലൊരു ഭാവി ജീവിതം,വരുംതലമുറകൾക്കു ഒരു ഉധാഹരണമായിരിക്കണം.നല്ലശീലങ്ങളും,നല്ലഉപയോഗങ്ങളും,

സുന്ദരമായ ജീവിതത്തിനടയാളമാണ്.എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

**മധുബാല 10.A**

# കവിത

## പ്രണയത്തുവൽ

വെൺമേഘ ഹംസം പോലെ
എൻ മുന്നിൽ വന്നോരു പെണ്ണേ
നിന്നെ ഞാൻ കണ്ടൊരു നേരം
നിന്നിൽ ഞാൻ അടുത്തോരുനേരം
പെയ്യൊഴിയാമേഘമായി നീ
സ്നേഹ ദലങ്ങൾ നിവർത്തി നീ
എന്നിലെ സംഗീത മർമ്മരമായ്
സംഗീത വർഷ ഗീതമായ് നീ
എന്നന്തരാത്മാവിലെ ഭാവതരംഗ
മാലകൾ നിൻ ഹൃദയ സൂന വേറ്റുവാങ്ങി
നമുക്കീ ഏകാന്ത രാവിന്റെ തീരങ്ങളിൽ
സ്വപ്നവർണ്ണ പക്ഷികളായലയാം
നിനക്കായ് കോർത്തോരു മാലിക
നിൻ കണ്ണുനാളത്തിൽ ഞാനണിയിക്കാം
എൻ സങ്കൽപ്പ ചിത്രപതംഗങ്ങൾ
നിൻ ഹൃദയപൂത്താലങ്ങളിൽ
സൗവർണ്ണചിത്രങ്ങൾ വിടർത്തട്ടെ

**സനോജ്**
**9.A**

# കഥ

## ഒടുവിലത്തെ യാത്ര

ഒരേ മനസ്സും ഇരുശരീരവുമായി കഴിഞ്ഞിരുന്ന ഒരമ്മയും മകനും.അവരുടെ രണ്ടുപേരുടെയും സ്നേഹബന്ധത്തിന്റെആഴം മനസ്സിലാക്കുന്നവരെല്ലാം ആ മകനെ അസൂയയോടെ നോക്കുമായിരുന്നു.അതുകൊണ്ടായിരിക്കാം ആമകന അമ്മയുടെപക്കൽനിന്നും അകന്നുപോകേണ്ടിവന്നത്.അമ്മയെ അടുത്തുള്ള ബന്ധുവിന്റെപക്കൽ നിർത്തി ആ മകൻ ദൂരെയുള്ള തന്റെ അച്ഛന്റെ രണ്ടുസെന്റ് സ്ഥലം തേടിപ്പോയി.മകൻ ജനിക്കുന്നതിനമുമ്പേ അവന്റെ അച്ഛൻ രണ്ടുസെന്റുഭൂമി മാത്രമാക്കിപ്പോയി.എന്നാൽ അതിനെക്കുറിചച് ഇതുവരെ ഒരു വിവരവും ഉണ്ടായിരുന്നില്ല.അമ്മയുടെ ആരോഗ്യനില അത്ര ശരിയല്ലെങ്കിലും മകന് പോകേണ്ടിവന്നു.അമ്മയുടെ ഒരു ഫോട്ടോയും തന്റെ പെട്ടിയിൽവച്ച് മകൻ യാത്രയായി.ഇരുമനസ്സിലും ഒരുപോലെ അകൽച്ചയുടെ തീ ആളിക്കത്തി.ആ തീയിൽ ഇരുവരുടെയും മനസ്സിന് പൊള്ളലേറ്റിരുന്നു.അവൻ അവസാനമായി അമ്മയെക്കാണുകയാണെന്നു അവൻ ചിന്തിക്കുകപോലും ചെയ്തില്ല.അവൻ ദൂരെയുള്ള ധർമഗിരിയിലേക്ക് ബസ് പിടിച്ചു.പടി കയറുമ്പോൾ അവൻ വഴുതിവീഴാൻ പോയി.അവന്റെ മനസ്സൊന്നു പതറി.യാത്രയ്ക്കെന്തോ അശുഭലക്ഷണമായി അവനത് പ്രതീതമായി.എങ്കിലും അവൻ മുന്നോട്ടു വച്ചകാലുകൾ പിന്നോട്ടെടുത്തില്ല.അവൻ യാത്ര തുടങ്ങി.ഏകനായി.ധർമഗിരിയിലെത്തി അവൻ തിരക്കാത്ത സ്ഥലങ്ങൾ ഇല്ലാതായി.എങ്കിലും ആ രണ്ടുസെന്റ് സ്ഥലത്തെക്കുറിച്ച് ഒന്നുംതന്നെ അറിയാൻ അവന കഴിഞ്ഞില്ല.ആ രണ്ടു സെന്റ്സ്ഥലം വില്പനയ്ക്കുവച്ചശേഷം വേണം അമ്മയെ നോക്കാൻ എന്നായിരുന്നു അവന്റെ സങ്കല്പം.നിരാശ അവന്റെ മനസ്സിനെ കാർന്നുതിന്നു.മനസ്സില്ലാത്ത ശരീരവുമായി അവൻ ഏറെനാൾ അലഞ്ഞു.നല്ലൊരു ജോലിക്കായി.ചെറിയ ചെറിയ ജോലികൾ ചെയ്തു അവൻ അവിടെ നിന്നു.ഒന്നര വർഷത്തിനശേഷം അവന അമ്മയുടെ പക്കൽ എത്തണമെന്നുതോന്നി.അവൻ പൊടിപിടിച്ചുകിടക്കുന്ന അമ്മയുടെഫോട്ടോനോക്കി തുണിയെല്ലാംവാരിക്കൂട്ടി നാട്ടിലേക്ക് പുറപ്പിട്ടു.അവന്റെ മനസ്സ് അപ്പോൾ ശാന്തവും സന്തോഷ പൂർണവും ആയിരുന്നു.നാട്ടിലെത്തിയപ്പോൾ അവന്റെ മനസ്സ് നിഘൂടതയാൽ മറഞ്ഞു.വീടിന ചുറ്റും ആളുകൾ കൂടിനിൽക്കുന്നു.അവൻ കാര്യം തിരക്കി.അവനെ കണ്ടതും ഒരാൾ ഓടിവന്നു,"കുട്ടാ....നീ എവിടെയായിരുന്നു"."എന്തായിവിടെ".അവൻ ചോദിച്ചു.നീ ഒന്നും "അറിഞ്ഞില്ലേ,നിന്റെ അമ്മയുടെ ഒന്നാം ശ്രാദ്ധദിനമാണിന്നു".ഒരു നിമിഷം കൊണ്ട് അമ്മയുടെ ഓർമ അവന്റെമനസ്സിലൂടെ ഒരു മിന്നൽ പോലെ പാഞ്ഞുപോയി.അവനോടി വീട്ടിലേക്ക് കയറി പെട്ടിതുറന്നു,അമ്മയുടെ ഫോട്ടോയെടുത്തു.ആ ഫോട്ടോയിൽ പൊടി പറ്റിപ്പിടിച്ചിരുന്നു അവൻ അത് തുടച്ചുനീക്കി.നൊമ്പരത്തോടെ അമ്മയോടുപറഞ്ഞു,"മറന്നുപോയി ആപൊടി തുടച്ചുമാറ്റാൻ കണ്ണടയ്ക്കുന്നതിനമുമ്പ് ഒരുനോക്ക് കാണാൻ ആശിച്ചിരുന്നെങ്കിലും കൂട്ടാക്കിയില്ല,എന്നോട് ക്ഷമിക്കു..."മകന്റെ കണ്ണുനീർ ഫോട്ടോയിൽ തിങ്ങിനിറഞ്ഞു.ആ ഫോട്ടോയിൽ അമ്മ ശോഭയോടെനിന്നു,അങ്ങനെ ആ മനസ്സുകൾ വേർപെട്ടു......

**അഞ്ജന.ടി**


# HOW MANY TRIANGLES?

**THE SIEVE OF ERATOSTHENES**

**Eratosthenes,**

**a Contemporary of Archimedes,**

**Constructed an instrument to duplicate a cube and gave a laborious method of constructing a table of prime numbers. This is called the sieve of Eratosthenes.**



**വിധുൽകുമാർ**
**9.A**

# കഥ

## വർഷമേഘം

കുട്ടിക്കാലം മുതൽക്കേ അരവിന്ദന് കുടുംബത്തോടുള്ള ജീവിതം വളരെ ഇഷ്ടമായിരുന്നു.അച്ഛനും അമ്മയ്ക്കും അവൻ ഒരൊറ്റ പുത്രനാണ്.അതുകൊണ്ടു തന്നെ ലാളനയും അല്പം കൂടുതലായിരുന്നു.പഠനത്തിൽ മിടുക്കനായിരുന്നു അരവിന്ദൻ.ഉപരിപഠനത്തിനു പോകണമെന്ന് അവനാഗ്രഹം ഉണ്ടായിരുന്നു.പക്ഷെകുടുംബത്തിലെ പ്രാരാബ്ധങ്ങൾ അവന്റെ ലേക്ഷ്യത്തെ അലട്ടുകയാണ്.അമ്മയോടും അച്ഛനോടും പറഞ്ഞിട്ടുകാര്യമില്ല.-കാരണം അവർക്ക് ആ വലിയ തുകയെ നേരിടാൻ കഴിയില്ല.പക്ഷെ അവനു അവന്റെ ആഗ്രഹത്തെ വിട്ടുകളയാൻ കഴിയില്ല.പക്ഷെ നിർഭാഗ്യവശാൽ അവന്റെ ആഗ്രഹത്തിലേക്ക് എത്തിപ്പെടാൻ കഴിഞ്ഞില്ല.

അങ്ങനെ സങ്കടം കൊണ്ട് അവൻ നാട് വിടാൻ തീരുമാനിച്ചു.ഇത്രയും കാലം വളർത്തിവന്ന മാതാപിതാക്കളോട് ഒന്നും പറയാതെ ബാഗും എടുത്ത് ഒരു നിലാവുള്ളരാത്രിയിൽ അവൻ എങ്ങോട്ടോ പോയി.തീരാത്ത ദുഖവുമായായിരുന്നു അവന്റെ യാത്ര.-പലനാടുകളിൽ യാത്രചെയ്തു ഒട്ടനവധി നാടുകൾ കണ്ടു.അടുത്ത യാത്ര തുടങ്ങുന്നതിനു മുമ്പ് അവനു തോന്നിയത് ഇത്രയും യാത്രകൾ ചെയ്യുന്നതിനുപകരം തനിക്കുമനസ്സിലായതും ലഭിച്ചതുമായവിവരങ്ങൾ മറ്റുള്ളക്കുട്ടികൾക്ക് പറഞ്ഞുകൊടുത്തു അവരുടെആഗ്രഹങ്ങൾ നിറവേറ്റാം.അങ്ങനെ പാവപ്പെട്ടകുട്ടികളെ തിരക്കിയായി അവന്റെ അടുത്ത യാത്ര.അങ്ങനെ അവനൊരു ഗ്രാമത്തിലെത്തി.കാടുംമേളകളുമുള്ള അതിമനോഹരമായ പ്രദേശം.അവിടെയുള്ളകുട്ടികൾക്ക് വിദ്യാഭ്യാസം എന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് കാര്യമായ അറിവുണ്ടായിരുന്നില്ല.അങ്ങനെയുള്ള കുട്ടികളെ ചേർത്ത് ഒരു ചെറിയ വിദ്യാലയം അരവിന്ദൻ നിർമിച്ചു.ആദ്യമാദ്യം കുട്ടികളാരും വരാതെയായി.പതിയെപ്പതിയെ ഓരോ കുട്ടികൾ വന്നു തുടങ്ങി.എല്ലാവര്ക്കും പുസ്തകങ്ങളും പേസിലുകളും അരവിന്ദൻ നൽകി.അങ്ങനെ കുറെ ദിവസങ്ങൾ കടന്നുപോയി.കുട്ടികളെല്ലാവർക്കും പഠിക്കണമെന്ന് ആഗ്രഹം ആദ്യത്തേതിലും അധികമായി.അവരുടെ ആഗ്രഹങ്ങൾ ഓരോന്നും അരവിന്ദനോട് പറയാൻ തുടങ്ങി.ഓരോകുട്ടികളെയും അരവിന്ദൻ അവരുടെ ലക്ഷത്തിലെത്തിച്ചു അരവിന്ദന്റെ ജീവിതത്തിൽ സന്തോഷം ഉണ്ടായി തുടങ്ങി.അവിടെനിന്നും അരവിന്ദൻ എല്ലാവരോടുമായി പറഞ്ഞു:"എനിക്ക് പോകുവാനുള്ള സമയമായി".എല്ലാവര്ക്കും സങ്കടമായി.അരവിന്ദന്റെ യാത്ര തുടങ്ങി.അവസാനം എത്തിച്ചേർന്നത് തന്റെ സ്വന്തം നാട്ടിലായിരുന്നു.ഒരുപാട് വര്ഷങ്ങള്ക്കു ശേഷം നാട്ടിലെത്തിയതിനാൽ അരവിന്ദനെ ആർക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല.അച്ഛനെയും അമ്മയെയും കാണേണ്ടതിടുക്കത്തിൽ അവൻ വീട്ടിലേക്കു പോയി.ആരെയും വീട്ടിൽ കാണാൻ കഴിഞ്ഞില്ല.അരവിന്ദൻ അച്ഛാ..അമ്മാ..എന്നുറക്കെവിളിച്ചു ആരും വന്നില്ല.ആരും ഇല്ലാതെ വീടിന്റെ അവസ്ഥ വളരെ ദയനീയമായിരുന്നു.വളരെ ദുഖത്തോടെ അവൻ വീടിനുമുമ്പിൽഇരിക്കുകയായിരുന്നു.അപ്പോഴായിരുന്നു അതിലെ പോയ ഒരു വഴിപോക്കൻ ചോദിച്ചത് "ആരാ?,എന്തുവേണം?".ഒന്നും മിണ്ടാതെ അരവിന്ദൻ അവിടെ ഇരുന്നു വഴിപോക്കൻ പറഞ്ഞു."ഇവിടെയുള്ള അച്ഛനെയും അമ്മയെയും തിരക്കി വന്നതാണോ", എന്ന് വഴി-

പോക്കൻ ചോദിച്ചു.അപ്പോഴും ഒന്നും മിണ്ടാതെ അരവിന്ദൻ അവിടെ ഇരുന്നു.വഴിപോക്കൻ കൂട്ടിച്ചേർത്തു"അവർ രണ്ടുപേരും ഒരുവർഷം മുമ്പേ മരിച്ചു".അവൻ അനങ്ങാതെ ഒരു ശിലയായി നിന്നു.അവന്റെ കണ്ണിൽനിന്ന് കണ്ണുനീർവരാൻ തുടങ്ങി.അവന്റെ അച്ഛനെയും അമ്മയെയും കാണാതെപോയെന്ന സങ്കടംമാത്രം അവന്റെ മനസ്സിൽ മായാതെ മുറിവായിനിന്നു.അത് ഒരു സാധാരണകണ്ണുനീർ ആയിരുന്നില്ല,അച്ഛന്റെ കരുതലും അമ്മയുടെസ്നേഹവും മുഴുവനായി അനുഭവിക്കാൻ കഴിയാത്ത ഒരാളുടെ കണ്ണുനീർ ആയിരുന്നു അത്.

**അഭിഷേക്**
**9.B**

# <u>ഓർമ്മകുറിപ്പ്</u>

എന്റെ മേമയുടെ മകനാണ് കിച്ചു.ഏകദേശം മൂന്നു വയസ്സ് പ്രായം.വികൃതിയിൽ കേമൻ.സ്നേഹത്തിൽ മുത്ത്.അന്നൊരു മഴനിറഞ്ഞ രാത്രി,വീടിനുമുന്നിൽ മഴയുടെ താളം,വാൽമിന്നലിന്റെയും ഇടിമുഴക്കത്തിന്റെയും ആർത്തുവിളി.

ഈസമയം ഞാൻ പഠിക്കുകയായിരുന്നു.ഒപ്പം അനുവും ഉണ്ട്.കിച്ചു മൊബൈലിൽ കളിക്കുകയായിരുന്നു.പെട്ടെന്ന് ആണ് എന്റെയടുത്തു ഏട്ടാ ഇതെന്താണ് എന്ന് അനു ചോദിച്ചത് കിച്ചുപതുക്കെ തലയുയർത്തി,അനുവിനെനോക്കി എന്നിട്ടു പറഞ്ഞു:മിണ്ടാതിരുന്നോ ഇത് എന്റെ സച്ചു ചേട്ടനാണ്.അനു അവസരം പാഴാക്കാതെ കിട്ടിയ വാലിൽ തൂങ്ങി,അല്ല എന്റെ.കുറെ നേരം തർക്കിച്ചു ഞാൻ വിചാരിച്ചു വെറുതെയാണെന്നു.കിച്ചുകാലനെ പോലെവന്നു,കൈകൾ അനുവിന്റെ തലയ്ക്കു നേരെ ലക്ഷ്യമിട്ടു,മുടിയിലേക്ക്.അപ്പോഴേക്കും മേമ 'കിച്ചു...'എന്നുവിളിച്ചു അവനൊന്നു ഒതുങ്ങിനിന്നു.ആ സമയം ഞാൻ എല്ലാം കുട്ടിക്കളിയാണെന്നുകരുതി.പിറ്റേദിവസം രാവിലെ ഞാൻ പല്ലുതേക്കുകയായിരുന്നു,കിച്ചു വാശിപിടിക്കുന്നു.അവിടെ അവൻ നിന്ന് 'അമ്മ സച്ചുഏട്ടനെവിടെ അമ്മ'എന്നു ചോദിച്ചു.ഞാൻ അവന്റെ മുന്നിലേക്ക് നടന്നു.അവൻ എന്നെ കണ്ടതും എന്റെയടുത്തേക്ക് ഓടിവന്നു.ഞാൻ അവനെ വാരിപ്പുണർന്നു,മഴമാറി,മാനം തെളിഞ്ഞ പുലരിയിൽ എന്റെ മനം മാറി,അത് കുട്ടിക്കളിയല്ല.സ്നേഹം.അവന്റെ കുഞ്ഞുമനസ്സിലെ ഇഷ്ടത്തിൽ ഒരാളാണ് ഞാൻ.

**സനേഷ്**
**9.B**

# വരകൾ




by
Meenu-M


by
Adithyan.s
IX A


पर्यावरण का संरक्षण हमारा कर्तव्य है।
पेड़ हमारा वरदान
JUNE -5
Submitted by
Anjana-T IX-A

# POEM

## MY MATHS

Maths is a magic way
Say friend say
Life is a mathematics
Say friends say
Problem is a friendless
Say friends say
Answer is a happiness
Say friends say
Maths is a wonder world
Dream friends dream
Maths is a following river
Say friends say
You can create the maths
Maths world friends maths world.

Madhubala.D
10.A

# കേരളത്തിലെ ചില കലാരൂപങ്ങൾ

## കഥകളി

കേരളത്തിന്റെ തനതുകലാരൂപമാണ് കഥകളി.സകല കലകളുടെയും സംഘമായ കല,കലകളുടെ രാജാവ് എന്നിങ്ങനെയും അറിയപ്പെടുന്നു.കേരളത്തിന്റെ യഥാർത്ഥ നാട്യരൂപമായ കഥകളി പൊതുവെ നൃത്തനാട്യം എന്നും വിശേഷിപ്പിക്കപ്പെടുന്നു.യൂ-റോപ്യൻമാർ ഇതിനെ സമഗ്രനൃത്തം എന്നാണ് വിശേഷിപ്പിക്കുന്നത്.കഥകളിയുടെ ആദ്യരൂപം രാമനാട്ടമാണ് സാഹിത്യരൂപം ആട്ടക്കഥയും കോട്ടയത്ത് തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവായി കണക്കാക്കുന്നത്.പച്ചക്കത്തി,താടി,മിനുക്ക് തുടങ്ങി-യവയാണ് കഥകളിയിലെ വേഷങ്ങൾ.ചെണ്ട,മദ്ദളം,ചേങ്ങില,ഇലത്താളം,ശംഖ് തുടങ്ങി-യവ കഥകളിയിലെ പ്രധാന വാദ്യോപകരണങ്ങളാണ്.ലോകത്തിലെ ഏറ്റവും കട്ടിയുള്ള മേക്കപ്പ് എന്ന ഗിന്നസ് റെക്കോഡ് നേടിയ കേരളീയ കലാരൂപമാണ് കഥകളി.കലാമ-ണ്ഡലം രാമന്കുട്ടിനായർ ഗുരു ചെങ്ങന്നൂർ രാമൻപിള്ള,കലാമണ്ഡലം ഗോപി,കോട്ടാ-യിക്കൽ ശിവരാമൻ തുടങ്ങിയവർ പ്രസക്ത കഥകളിനൃത്തകരാണ്.



# മോഹിനിയാട്ടം

കേരളത്തിൽ ഉത്ഭവിച്ച ശാസ്ത്രീയ നൃത്തരൂപമാണ് മോഹിനിയാട്ടം.സ്ത്രീകൾ ലാൽ-സ്യപധാനമായി അരങ്ങിൽ അവതരിപ്പിക്കുന്ന ഒന്നാണ് മോഹിനിയാട്ടം.അതുകൊണ്ടു-തന്നെ ഇതിന്റെ ഏറ്റവും പ്രധാന ഭാവരസശൃംഗാരമാണ്.കലാമണ്ഡലം കല്യാണിക്കുട്ടി-യമ്മ,ദക്ഷിണേന്ധ്യയിലെ മാഹിനിയാട്ടത്തിന്റെ മാതാവ് എന്നാണു അറിയപ്പെടുന്നത്.ക-ലാമണ്ഡലം കല്യാണിക്കുട്ടിയമ്മ,കലാമണ്ഡലം ലീലാമ്മ,ഭാരതി ശിവജി,പല്ലവി കൃ-ഷ്ണൻ,സുനന്ദ നായർ,കലാമണ്ഡലം ക്ഷേമാവതി തുടങ്ങിയവർ പ്രശക്ത മോഹിനിയാട്ടം നൃത്തകരാണ്.



# ഓട്ടൻതുള്ളൽ

പാവപ്പെട്ടവരുടെ കഥകളി എന്നറിയപ്പെടുന്ന കലാരൂപമാണ് ഓട്ടൻതുള്ളൻ.കുഞ്ചൻനമ്പ്യാരാണ് ഇതിന്റെ ഉപജ്ഞാതാവ്.തുള്ളൽ മൂന്നുവിധത്തിലുണ്ട്.ഓട്ടൻതുള്ളൽ,ശീതങ്കൻതുള്ളൽ,പറയാൻതുള്ളൽ എന്നിവയാണ്.ശീതങ്കൻതുള്ളൽ പ്രകാരമുള്ള കല്യാണസൗഗന്ധികമാണ് ആദ്യ തുള്ളൽകൃത്ത്.പുരാണകഥകൾ സമകാലീന ജീവിതവുമായി ബന്ധപ്പെടുത്തി വളരെ രസകരമായി അവതരിപ്പിച്ചിരിക്കുന്ന കലാരൂപമാണ് തുള്ളൽ.



# കൂടിയാട്ടം

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ക്ഷേത്രകളായാണ് കൂടിയാട്ടം.സംസ്കൃത നാടക ശൈലിയുള്ള കേരളത്തിന്റെ തനത് അവതരണകല എന്നും കൂടിയാട്ടത്തെ വി- ശേഷിപ്പിക്കുന്നു.പൂർണ രൂപത്തിൽ കൂടിയാട്ടം അവതരിപ്പിക്കാൻ 41 ദിവസം സമയം വേണം.കൂടിയാട്ടത്തിൽ പുരുഷ വേഷം ചാക്യാരും സ്ത്രീവേഷം നങ്യാരുമാണ് അണിയു- ന്നത്.ഇതിനുപയോഗിക്കുന്ന സന്ഗീത ഉപകരണം മിഴാവ് ആണ്.ലോകപൈതൃമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപമാണ് കൂടിയാട്ടം.മാണി മാ- ധവ ചാക്യാർ,അമ്മന്നൂർ മാധവചാക്യാർ എന്നിവർ കൂടിയാട്ടത്തിന്റെ കുലപതികൾ എന്നറിയപ്പെടുന്നു.

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ക്ഷേത്രലയാണ് കുത്ത് . സംസ്കൃത രചനകളായ ചമ്പുക്കളെ ആധാരമാക്കി അവതരിപ്പിക്കുന്ന ഒരു കലാരൂപമാണ് കൂത്ത്.- ഫലിതത്തോടും പരിഹാസത്തോടും കൂടി ചാക്യാർ നടക്കുന്ന പുരാണകഥാപ്രസംഗമാ- ണ് ചാക്യാർകൂത്ത്.ക്ഷേത്രങ്ങളോട് ബന്ധിപ്പിച്ചുള്ള പ്രതേകസ്ഥലങ്ങളായ കൂത്തമ്പല- ങ്ങളിൽ വെച്ചാണ് ചാക്യാർകൂത്ത് നടത്തിയിരിക്കുന്നത്.ശ്രീകൃഷ്ണ്ണ കഥ എട്ടോ പന്ത്ര- ണ്ടോ ദിവസങ്ങൾ കൊണ്ടവതരിപ്പിക്കുന്നതാണ് നങ്യാർകൂത്ത്.കൂത്തിനുപയോഗിക്കുന്ന സംഗീതോപകരണം മിഴാവ് ആണ്.



# കൂത്ത്

കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഒരു  ക്ഷേത്രലയാണ്  കുത്ത് . സംസ്കൃത രചനകളായ ചമ്പുക്കളെ ആധാരമാക്കി അവതരിപ്പിക്കുന്ന ഒരു കലാരൂപമാണ് കൂത്ത്.-ഫലിതത്തോടും പരിഹാസത്തോടും കൂടി ചാക്യാർ നടക്കുന്ന പുരാണകഥാപ്രസംഗമാ-ണ് ചാക്യാർകൂത്ത്.ക്ഷേത്രങ്ങളോട് ബന്ധിപ്പിച്ചുള്ള പ്രതേകസ്ഥലങ്ങളായ കൂത്തമ്പല-ങ്ങളിൽ വെച്ചാണ് ചാക്യാർകൂത്ത് നടത്തിയിരിക്കുന്നത്.ശ്രീകൃഷ്ണ്ണ കഥ എട്ടോ പന്ത്ര-ണ്ടോ ദിവസങ്ങൾ കൊണ്ടവതരിപ്പിക്കുന്നതാണ് നങ്യാർകൂത്ത്.കൂത്തിനുപയോഗിക്കുന്ന സംഗീതോപകരണം മിഴാവ് ആണ്.



# ഒപ്പന

മുസ്‌ലിം സ്ത്രീകൾ നടത്തുന്ന ഒരു സാമൂഹിക വിനീതമായ ഒപ്പനയ്ക്ക് മലപ്പുറം കോഴിക്കോട് കണ്ണൂർ എന്നീ പ്രദേശങ്ങളിലാണ് കൂടുതൽ പ്രചാരമുള്ളത്.ഏതാണ്ട് അഞ്ഞൂറ് വർഷത്തെ പഴക്കം കല്പിക്കപ്പെടുന്നകല.അവതരിപ്പിക്കുന്നതിനു പത്തുപതിനഞ്ചു ആളുകളെങ്കിലും വേണം.ആ വധുവിന് ഇരുത്താനുള്ള ഒരു പീഠം മാത്രമാണ് അരങ്ങ്.വധുവിന്റെ വേഷം സാധാരണ മുസ്‌ലിം മണവാട്ടിയുടേതുതന്നെ.ഹാർമോണിയം,ഗഞ്ചിറത്തു തുടങ്ങിയ വാദ്യോപകടനങ്ങളാണ് ഉപയോഗിക്കുന്നത്.ഈ വിനോദം പുരുഷന്മാർക്കുമുണ്ട്.



**അഞ്ജന.എം**
**10.A**

# ഞങ്ങൾക്കുമുണ്ടൊരു കഥപറയാൻ

പാതയോരത്തുള്ള ഒരുകൂറ്റൻ നെല്ലിമരത്തിലാണ് ഞാനും എന്റെ കൂട്ടുകാരും ഉണ്ടായിരുന്നത്.ഞങ്ങൾ സന്തോഷമായി കഴിയുന്നകാലം.ഒരു ദിവസം അത് സംഭവിച്ചു.ഒരു മനുഷ്യൻ ഞങ്ങളുടെ മരത്തിൽ കയറി എന്നെയും കൂട്ടുകാരെയും പറിച്ചെടുത്തു.അയാൾ ഞങ്ങളെ ഒരു കടയിൽ കൊണ്ടുപോയി വിറ്റു.കടയിലെ കൂടയ്ക്കുള്ളിൽ പുറം കാഴ്ചകൾ കണ്ടുകൊണ്ടിരിക്കെ ഒരു വീട്ടമ്മവന്നു ർന്നെയും ഞങ്ങളിൽ ചിലരെയും പണംകൊടുത്ത് വാങ്ങികൊണ്ടുപോയി.വീട്ടിലെത്തി സഞ്ചിതുറന്നു ഞങ്ങളെ ഒരു വലിയ പാത്രത്തിലേക്കിട്ടു.വെള്ളമൊഴിച്ചുകഴുകി.ദൈവമേ ഇവർ എന്തിനുള്ളപുറപ്പാടാണ്?എനിക്കൊരുപിടിയും കിട്ടുന്നില്ല.ഞാൻ ചുറ്റുപാടും കണ്ണോടിച്ചു.കത്തുന്ന അടുപ്പിനുമുകളിൽ ഒരു ചീനച്ചട്ടിയിരിക്കുന്നു.വീട്ടമ്മ ഒരൽപം എണ്ണ അതിലേക്കു പകർന്നു.എണ്ണചൂടായപ്പോൾ അതിന്റെമണം എന്റെ മൂക്കിൽ വന്നടിച്ചു.പിന്നെ സംഭവിച്ച കാര്യങ്ങൾ ഹോ!അത് ഒര്കാണോവയ്യ.അവർ ഞങ്ങളെ ആ ചീനച്ചട്ടിയിലേക്കിട്ടു ഞങ്ങളുടെ ശരീരമൊക്കെ ചൂടേറ്റുപൊള്ളി.ചിലർ ഉറക്കെ നിലവിളിക്കുന്നുണ്ടായിരുന്നു.പക്ഷെ ആര് കേൾക്കാൻ?ചട്ടുകംകൊണ്ടു ഞങ്ങളെ ഇളക്കി.ഏതാണ്ട് പാകം വന്നപ്പോൾ ഞങ്ങളെ എടുത്ത് മറ്റൊരു പാത്രത്തിലേക്കിട്ടു.ഞങ്ങളെ ഓരോരുത്തരായി കൈയിലെടുത്ത് ഞെക്കി കുരു വേർപെടുത്തി,പിന്നീട് ഉപ്പും മുളകുപൊടിയും ചേർത്തിളക്കി അൽപ്പം ഉലുവ വറുത്തുപൊടിച്ചിട്ടു.തുടർന്ന് എണ്ണമുകളിലൊഴിച്ചു.പിന്നീട് ഞങ്ങളെ ഒരു ഭരണിക്കുള്ളിലാക്കി.ഞാനും എന്റെ കൂട്ടുകാരും ഇപ്പോൾ ശാസംമുട്ടി നീറിനീറി കഴിയുകയാണ്,ഞങ്ങളുടെ വിധി.അല്ലാതെന്തുപറയാനാ....

**അഞ്ജന.എം**
**10.A**



# DIGITAL POOKKALAM




അഭിനയ്.പി.എസ്
10.A

# ONAM CELEBRATION








# FOOD FESTIVAL









# SMART AMMA



# SPORTS-KABADI



# TABLE TENNIES



# KALOLSAVAM





# LITTLE KITES_STUDENTS



പ്രിയ വിദ്യാർത്ഥികളെ മാറ്റത്തിന്റെ മണിനാദം മുഴങ്ങുകയായി.കാലത്തിന്റെ ഈ മാറ്റത്തിൽ നമുക്കും പങ്കാളികളാകാം.അറിവിന്റെ അക്കരശ്ശികൾ ഇനി നിങ്ങളുടെ ഹൃദയത്തെയുണർത്തട്ടെ വലിയ അവകാശവാദങ്ങളൊന്നും ഇല്ലാതെ ഈ മാഗസിൻ സമർപ്പിക്കുന്നു.

LITTLE KITES STUDENTS
LITTLE KITE MASTER&MISTRESS

ഈ മാഗസിൻ എഡിറ്റ് ചെയ്ത 10 A യിലെ **അഭിനയ്.പി എസ്സ്ന് പ്രേത്യേകം** നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.



Education is not the learning of facts,

but the training of the mind to think.

Albert Einstein

# GOVT.HIGHER SECONDARY SCHOOL KUNISSERY,PALAKKAD

